ഉത്തരം

(എ) ഉണ്ട്.

(ബി) 2003 ഏപ്രിൽ മാസത്തിൽ 25 പേരെ ട്രെയിനിംഗിന് അയച്ചു. പേരുവിവരം, ജനനത്തീയതി തുടങ്ങിയവ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ട്രെയിനിംഗ് കാലയളവിൽ ഒരാൾക്ക് 2000 രൂപ വീതം ചെലവഴിക്കുന്നുണ്ട്.

(സി) ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 28-5-1998-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

(ഇ) ഉണ്ട്. 7 വർഷം സർവ്വീസ് അവശേഷിക്കാത്തവരെയും പ്രസ്തുത ട്രെയിനിംഗിന് അയച്ചിട്ടുണ്ട്. 1998-ൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് ട്രെയിനിംഗിന് ആൾക്കാരെ നിയോഗിച്ചത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

189,193,903,936,943 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

II അടിയന്തരപ്രമേയം

കശുവണ്ടി മേഖലയിലെ പ്രതിസന്ധി

9.30A.M] മി.സ്പീക്കർ: കശുവണ്ടി ഫാക്ടറികൾക്കു മുന്നിൽ നിരാഹാര സമരത്തിൽ ഏർപ്പെട്ട ഇരുന്നോറോളം പേരുടെ ജീവൻ അപകട നിലയിലായിരിക്കുന്നു, അടച്ചിട്ട കോർപ്പറേഷൻ, കാപ്പക്സ് ഫാക്ടറികൾ തുറക്കുന്നതിനും കമ്മിഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതിനും തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികളുടെ പട്ടിണിയും ദുർമരണങ്ങളും തടയുവാനും നടത്തുന്ന സമരം അവസാനിപ്പിക്കാൻ സംഘടനാപ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ച ഒരു തീരുമാനത്തിൽ എത്താത്തതിനാൽ 28-ാം ദിവസമായ ഇന്നും തുടരുകയാണ്. അതുകൊണ്ട് കശുവണ്ടി വ്യവസായ രംഗത്ത് ഉളവായിരിക്കുന്ന പ്രക്ഷുബ്ധാവസ്ഥയും അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവശ്രീ. എ. എ. അസീസ്, കെ. രാധാകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, വി. സി. കബീർ., പി. സി. ജോർജ്, സി. കെ. നാണു, ഡോക്ടർ കെ.സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കശുവണ്ടി കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും അതുപോലെതന്നെ ആ മേഖലയുമായി ബന്ധപ്പെട്ട് മറ്റ് പല പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ട്രേഡ് യൂണിയൻ നേതാക്കൻമാരും, പൊളിറ്റിക്കൽ പാർട്ടി നേതാക്കൻമാരും ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് കഴിഞ്ഞയാഴ്ച തൊഴിൽ വകുപ്പുമന്ത്രിയും അതുപോലെതന്നെ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഗതാഗതവകുപ്പുമന്ത്രിയും എല്ലാപേരും കൂടി പങ്കെടുത്ത് വിശദമായ ഒരു ചർച്ച ഗസ്റ്റ് ഹൗസിൽ വച്ച് നടക്കുകയുണ്ടായി. വളരെ ആരോഗ്യകരമായ ഒരു ചർച്ചയായിരുന്നു അത്. കാഷ്യൂ കോർപ്പറേഷന്റേയും അതുപോലെ തന്നെ കാപ്പക്സിന്റെയും ഇതുവരെയുള്ള പ്രവർത്തനത്തെക്കുറിച്ച് മണിക്കൂറുകളോളം വളരെ വിശദമായി തുറന്ന മനസ്സോടുകൂടി തന്നെ അവിടെ ചർച്ച ചെയ്യുകയുണ്ടായി. കഴിഞ്ഞ കാലങ്ങളിൽ വന്നിട്ടുള്ള പോരായ്മകളെക്കുറിച്ചൊക്കെ ചർച്ച ചെയ്തു. ഭാവിയെ സംബന്ധിച്ച് നേതാക്കൻമാർ വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി. ഇതുവരെ കാഷ്യു മേഖലയിൽ നടന്ന ചർച്ചകളിൽ വച്ചേറ്റവും സൗഹാർദ്ദമായ അന്തരീക്ഷത്തിൽ നടന്ന ചർച്ചയായിരുന്നു അത്. ആ ചർച്ചയുടെ സൗഹാർദ്ദാന്തരീക്ഷവും ഗൗരവവും കൈവരാൻ ഉണ്ടായ കാരണമെന്നു പറയുന്നത് കാഷ്യുകോർപ്പറേഷനിലും അതുപോലെ കാപ്പക്സിലും ഏകദേശം ഇതുവരെ വന്നിട്ടുള്ള പ്രവർത്തന നഷ്ടം, അതുപോലെ ഇപ്പോഴത്തെ ഫാക്ടറികളുടെ നിലയുമാണ്. ഫാക്ടറികളുടെ നിലയെന്നുപറഞ്ഞാൽ അവിടെ ആസ്തിയൊക്കെ വളരെ വളരെ മൈനസാണ്. ഇത്രയും ഗൗരവമായ ഒരു വിഷയമാണ് അത്. പ്രായോഗികമായ സമീപനമെടുക്കാതെ പരസ്പരം കുറ്റപ്പെടുത്തി പോകുന്നതിൽ അർത്ഥമില്ല എന്നുള്ള നിലയ്ക്കാണ് ചർച്ച നടന്നത്. കൂട്ടത്തിൽ കഴിഞ്ഞ രണ്ടുവർഷമായി ഫാക്ടറി അടച്ചിട്ടതിനെ പ്രതിപക്ഷ ട്രേഡ് യൂണിയന്റെ നേതാക്കൻമാർ നിശിതമായി വിമർശിക്കുകയും ചെയ്തു. ഞാൻ അത് മറച്ചുവയ്ക്കുന്നില്ല. പക്ഷെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഭീമമായ നഷ്ടത്തെക്കുറിച്ചും, പണമില്ലാത്തതിനെക്കുറിച്ചും പ്രായോഗികമായി വളരെ വിശദമായി വിശദീകരിക്കുകയും ചെയ്തു. കോർപ്പറേഷന്റെ ഇതുവരെയുള്ള സഞ്ചിതനഷ്ടം 321 കോടി രൂപയാണ്.

മി. സ്പീക്കർ: ഒരു തൊഴിലാളിക്ക് ഇപ്പോൾ എത്ര ലക്ഷം വരും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : നമ്മൾ 1994-ൽ ഇതുപോലെ എല്ലാ കടവും ഏറ്റെടുത്തതാണ്. അതുകഴിഞ്ഞ് ഇപ്പോൾ 11 കോടി രൂപയുടെ ബാദ്ധ്യത നമ്മൾ ഇത് തുറപ്പിക്കാൻ ഏറ്റെടുക്കണം. ബാങ്കുകൾക്കുള്ള ബാദ്ധ്യത 321 കോടി രൂപയാണ്. കാപ്പക്സിന്റേത് 45 കോടി ഉറുപ്പിക വേറെയുണ്ട്. കൂടാതെ കഴിഞ്ഞ മൂന്നു നാലു വർഷത്തെ പ്രവർത്തന നഷ്ടം 137 കോടി രൂപയാണ്. ഒന്ന് ഏറ്റെടുത്തതിനുശേഷമുള്ള നഷ്ടമാണ്.

അതിനുപുറമെ ബാങ്കുകൾക്കുള്ള ബാദ്ധ്യത 110 കോടി ഉറുപ്പികയുണ്ട്. ഖജനാവിൽ പണത്തിന്റെ കുറവുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ രണ്ടുവർഷക്കാലം എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്നിട്ടുണ്ട്. നിരവധി യോഗങ്ങൾ ബാങ്കുകാരുമായി നടത്തി. പക്ഷെ ഒരു നിലയ്ക്കും ഇത്രയും ഭീമമായ തുക വിത്ത്ഡ്രാ ചെയ്യാൻ തയ്യാറായില്ല. ഇപ്പോൾ 18-6-2003-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനമെന്നു പറയുന്നത് ഇതുവരെയുള്ള നഷ്ടം ഗവൺമെന്റ് ഏറ്റെടുക്കുക, ബാങ്കുകാരുമായി നടത്തിയ ചർച്ചയിൽ പൊന്തിവന്നിട്ടുള്ള നിർദ്ദേശമാണ്, തീരുമാനമായിട്ടില്ല. ഗവൺമെന്റിന് സമ്മതിക്കാൻ വയ്യാത്ത കുറേ പോയിന്റ്സ് ഉണ്ട്, വീണ്ടും ബാങ്കുകാരുമായിട്ട് ബാർഗെയിൻ ചെയ്യുക, അത് അനുസരിച്ച് ആണെങ്കിൽ ഏറ്റെടുക്കുന്ന സംഖ്യ മൂന്നു നാല് വർഷം കൊണ്ട്, ഇൻസ്റ്റാൾമെന്റായിട്ട് കൊടുക്കുകയെന്നുള്ളതാണ് നിർദ്ദേശം. അതിന്റെ ആദ്യ ഇൻസ്റ്റാൾമെന്റ് ഇപ്പോൾ കൊടുക്കണം. ആദ്യ ഇൻസ്റ്റാൾമെന്റ് കൊടുക്കുകയെന്നുള്ളതുതന്നെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ സാമ്പത്തിക ബാദ്ധ്യതയാണ്, ഒരു ഭാരമാണ്. പക്ഷെ ഈ മേഖലയിലെ പട്ടിണിയും അതുപോലെതന്നെ മറ്റ് കാര്യങ്ങളും സോഷ്യൽ ആസ്പെക്ടുമൊക്കെ പരിഗണിച്ച് ഈ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. അല്ലാതെ വേറെ യാതൊരു വഴിയുമില്ല എന്നുള്ള തീരുമാനത്തിലാണ് നമ്മൾ എത്തിച്ചേർന്നത്. 18-6-2003-ൽ കൂടിയ യോഗം ഫാക്ടറികൾ തുറക്കാൻ തീരുമാനിച്ചു. അന്നത്തെ തീരുമാനപ്രകാരം ഒരു ദിവസവും ഗവൺമെന്റ് വെറുതെ കളഞ്ഞിട്ടില്ല. അതിന്റെ പിറ്റേന്ന് മുതൽ റിപ്പയറിംഗ് ജോലികൾ ആരംഭിച്ചു കഴിഞ്ഞു. ആകുന്നിടത്തൊക്കെ റിപ്പയറിംഗ് ജോലികൾ ആരംഭിച്ചു. ഇനി വേണ്ടത് തോട്ടണ്ടി ലഭ്യമാക്കാനുള്ള ശ്രമമാണ്, അന്നത്തെ ചർച്ചയിലും ഞങ്ങൾ പറഞ്ഞത് രണ്ടു മാസത്തെ സമയത്തിനുള്ളിൽ എങ്ങനെയായാലും തുറക്കുമെന്നാണ്. ഡേറ്റ് പറയാമെന്ന് പറയുമ്പോൾ അതിലുള്ള പ്രയാസമെന്താണെന്നുവച്ചാൽ തോട്ടണ്ടി കിട്ടണ്ടേ? നാടൻ തോട്ടണ്ടി ഇപ്പോൾ കിട്ടുകയില്ല. പിന്നെ ഇറക്കുമതി ചെയ്യേണ്ടിവരും. ഇറക്കുമതി ചെയ്യണമെന്നുണ്ടെങ്കിൽ ഡേറ്റ് പറഞ്ഞിട്ട് പിന്നെ അസംബ്ലിയിലൊക്കെ കമ്മിറ്റ് ചെയ്തിട്ട് ആ ഡേറ്റ് അല്ലെങ്കിൽ പിന്നെ അതൊരു embrassing position ആകും. അതുകൊണ്ടാണ് ഏകദേശം എത്ര സമയം വേണ്ടിവരുമെന്ന് വിദഗ്ദ്ധൻമാരോടും മാനേജുമെന്റിനോടും നമ്മൾ ആ യോഗത്തിൽ കൂട്ടായി ചോദിച്ചത്. അവർ പറഞ്ഞത് രണ്ടു മാസമെന്നാണ്. ആ ഒരു പൊസിഷനാണ് ഇപ്പോൾ ഉള്ളത്. തോട്ടണ്ടി കിട്ടിയാൽ ഉടനെ തുറക്കാം. ഇവിടെയുള്ള പ്രധാന പ്രശ്നം, ഒന്ന് തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, രണ്ട് വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങൾ പ്രോസസിംഗ് തുടങ്ങി. അതാണ് ഏറ്റവും വലിയ പ്രശ്നം. കഴിഞ്ഞ മൂന്നുനാലു വർഷത്തിനുള്ളിൽ ഈ മേഖലയിൽ വന്ന പരിപ്പിന്റെ വിലക്കുറവും, ഞാൻ വിശദമായിട്ട് പറയുന്നില്ല. കാലാകാലങ്ങളിൽ ഉള്ള പരിപ്പിന്റെ വില ഏറ്റവും കുറഞ്ഞ വിലയാണ് അന്തർ

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ മാർക്കറ്റിൽ നിൽക്കുന്നത്. അതുകൊണ്ടാണ് ഈ മേഖലയിൽ സ്വകാര്യമേഖലയ്ക്ക് മാത്രമല്ല, ഇതിലുള്ള ഭീഷണി വന്നിരിക്കുന്നത്, പ്രധാനപ്പെട്ട ട്രേഡ് യൂണിയനുകൾ, സമരരംഗത്ത് ഉണ്ടായിരുന്നു. ഭരണകക്ഷിയും സമരം ചെയ്യുകയായിരുന്നു. നിരാഹാര സമരം ഉണ്ടായിരുന്നു. അതുപോലെ പ്രതിപക്ഷ ട്രേഡ് യൂണിയനുകൾ മുഴുവൻ സമരരംഗത്ത് ആയിരുന്നു, ഇപ്പോഴും സമരത്തിലാണ്. അവർ സമരം പിൻവലിക്കുന്നതിന് തടസ്സമായി വന്നത് കുറച്ചുകൂടി ഒരു ക്ലിയർ ആയിട്ടുള്ള സ്റ്റാൻഡ് ഗവൺമെന്റ് എടുക്കണമെന്നുള്ളതാണ്. ആ ക്ലിയർ സ്റ്റാൻഡ് അന്നത്തെ നിലയിൽ പറയാവുന്നത്ര ഗവൺമെന്റ് പറഞ്ഞു. ഇപ്പോൾ അവർ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ആലോചിക്കണം. മറ്റ് പ്രശ്നങ്ങളും ഇതിനകത്ത് വന്നിട്ടുണ്ട്. പ്രൈവറ്റിലുള്ള കൂലി നിഷേധം, റൈറ്റ് നിഷേധം, ലേബർ മിനിസ്റ്ററും ഞാനും എല്ലാപേരുംകൂടി നേരത്തെ ചർച്ചചെയ്തതാണ്. മന്ത്രിസഭാ ഉപസമിതിയെപ്പോലെയാണ്. ഇലക്ട്രിസിറ്റി മിനിസ്റ്ററും, ഫൈനാൻസ് മിനിസ്റ്ററും ഉണ്ടായിരുന്നു. ഒരു ചർച്ചകൂടി വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. ചർച്ചയെ സംബന്ധിച്ച് ഏതുതരം ചർച്ചയാണ് വേണ്ടത് എന്നുള്ളതാണ്, പ്രതിപക്ഷ യൂണിയനുകളോട് ചർച്ച ചെയ്യണം. ഔദ്യോഗികമായി വീണ്ടും ഒരു ചർച്ച നടത്തണം എന്നുള്ളതാണ് ഇപ്പോഴുള്ളത്. അവരോട് ചർച്ച ചെയ്യുമെന്നാണ് എനിക്ക് ഇപ്പോൾ പറയാനുള്ളത്. വേഗം തുറക്കുക എന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

<u>ശ്രീ. എ. എ. അസീസ്:</u> കശുവണ്ടി വ്യവസായ രംഗത്ത് സമരം ആരംഭിച്ചു. ഇപ്പോൾ പ്രതിപക്ഷ യൂണിയനുകൾ മാത്രമല്ല സമരം ചെയ്യുന്നത്. ഭരണകക്ഷി യൂണിയനുകളും സമരത്തിലാണ്. ചിന്നക്കട പ്രസ് ക്ലബ് മൈതാനിയിൽ ഐ.എൻ.ടി.യു.സി.ഐ.യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. സഹജൻ നിരാഹാര സമരം നടത്തുകയാണ്. അതുകൊണ്ട് ഭരണകക്ഷിയിലെ യൂണിയനുകൾ മാത്രമല്ല, ഇപ്പോൾ കശുവണ്ടി വ്യവസായത്തിലെ 4 കേന്ദ്ര തൊഴിലാളി സംഘടനകളിൽപ്പെട്ട, ഐ.എൻ.ടി.യു.സി (ഐ) ഉൾപ്പെടെയുള്ള സംഘടനയിൽപ്പെട്ട 200 പേരാണ് 497 ഫാക്ടറികളുള്ളതിൽ 200 ഫാക്ടറിപ്പടിക്കൽ ഇപ്പോൾ നിരാഹാരസമരം നടത്തുന്നത്.

<u>മി. സ്പീക്കർ:</u> അത് മാത്രം ഒരു ക്രൈറ്റീരിയയാണോ ? ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പറഞ്ഞതിൽ കഴമ്പില്ലേ? .....ബഹളം.....

<u>ശ്രീ. എ. എ. അസീസ്:</u> എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഈ നിയമസഭയിൽത്തന്നെ ശ്രീ. എഴുകോൺ നാരായണൻ കാളിംഗ് അറ്റൻഷനിൽ പ്രസംഗിച്ചതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി (എൽ.ഡി.എഫ്) ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ 150 മുതൽ 225 ദിവസം വരെ തൊഴിൽ നൽകി. അന്ന് ഒരു ദിവസംപോലും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് പറഞ്ഞ് വാക്കൗട്ട് നടത്തിയവരാണ് ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്നത്. ഈ ഗവൺമെന്റ് വന്നിട്ട് രണ്ട് കൊല്ലം കഴിഞ്ഞു. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ദിവസംപോലും കശുവണ്ടി വ്യവസായ കോർപ്പറേഷനിലെ 27,000 തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞില്ല. കാപ്പക്സിന്റെ ഫാക്ടറികൾ തുറക്കുമെന്ന് പ്രഖ്യാപിച്ചു. കാപ്പക്സ് തുറന്ന് പ്രവർത്തിച്ചത് 45 ദിവസം മാത്രമാണ്. കോർപ്പറേഷനിലെ 4 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. ഒന്നാം നമ്പർ ഫാക്ടറിയിലെ ഒരു മാധവൻ കെട്ടിത്തൂങ്ങി മരിച്ചു. 31-ാം നമ്പർ ഫാക്ടറിയിലെ മറ്റൊരു സഖാവ് കെട്ടിത്തൂങ്ങി മരിച്ചു. മെഹർബാനെന്ന് പറയുന്ന ഒരു തൊഴിലാളി റെയിൽവേ ട്രാക്കിൽ ചാടി മരിച്ചു. ആദിനാട്, കരുനാഗപ്പള്ളിയിൽ 16-ാം നമ്പർ ഫാക്ടറിയിലെ ഒരു തൊഴിലാളി കിണറ്റിൽച്ചാടി മരിച്ചു. ദുർമരണങ്ങളുണ്ടാകുന്നു. കോർപ്പറേഷൻ നഷ്ടത്തിലുള്ള ഒരു സ്ഥാപനമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

മി. സ്പീക്കർ: ഒരു ദിവസം ഒരു കോടി രൂപ നഷ്ടം.

ശ്രീ. എ. എ. അസീസ്: സർ, ഇതിന്റെ പിൽക്കാല ചരിത്രസംഭവങ്ങൾകൂടി ഒന്ന് മനസ്സിലാക്കാൻ ദയവുണ്ടാകണം. കോർപ്പറേഷനെന്ന് പറയുന്ന സ്ഥാപനമുണ്ടായത് 1969-ലാണ്. അതിനുമുമ്പും ഇവിടെ വ്യവസായമുണ്ടായിരുന്നു. തങ്കൾകുഞ്ഞ് മുസ്ലിയാരുൾപ്പെടെയുള്ള വ്യവസായികൾ. അവർ ഉപേക്ഷിച്ച ആ സ്ഥാപനങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ എന്നെന്നേയ്ക്കുമായി തെരുവിലെറിയപ്പെട്ട് പോയ അവസരത്തിൽ, ആ സ്ഥാപനങ്ങളെ ഏറ്റെടുത്തുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ നൽകാൻവേണ്ടി രൂപീകരിച്ച സ്ഥാപനമാണ്. യശ:ശരീരനായ ടി. വി. തോമസ് വ്യവസായ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ, സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ജന്മം നൽകിയതാണ്.

മി. സ്പീക്കർ: വക്കം പുരുഷോത്തമൻ ലേബർ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ എന്നുകൂടി പറയണമായിരുന്നു.

ശ്രീ. എ. എ. അസീസ്: ബഹുമാനപ്പെട്ട സ്പീക്കർ ലേബർ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ—അതുകൂടി ഞാൻ പറയുകയാണ് സാർ. അന്നുണ്ടാക്കിയ ആ സ്ഥാപനത്തിൽ നഷ്ടം, നഷ്ടം എന്ന് വിളിച്ചുകൂവുന്നത് അതിശയോക്തിപരമായ കാര്യമാണ്. എന്താണെന്നറിയാമോ ? കേരളത്തിലെ മുഴുവൻ തൊഴിലാളികളേയും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധതയുള്ള ഗവൺമെന്റ് ചില കാലഘട്ടങ്ങളിൽ നയപരമായ ചില തീരുമാനങ്ങളെടുത്തിരുന്നു. 1978-ൽ കശുവണ്ടി മുതലാളിമാർ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ കശുവണ്ടി ഫാക്ടറികളും ഏറ്റെടുത്തു നടത്തി. 18 കോടി രൂപ നഷ്ടം വന്നു. ഇതാ അപ്പുറത്തിരിക്കുന്ന വൈദ്യുതി വകുപ്പുമന്ത്രിയും ഞാനും കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ ഉണ്ടായിരുന്നു. ഇത്രയും രൂപ നഷ്ടം വന്നതെങ്ങനെയെന്ന് അദ്ദേഹത്തിനറിയാം. എന്താണ് നഷ്ടം വരുത്തിയതെന്നറിയാമോ ? ഈ രാജ്യത്തെ കശുവണ്ടി മുതലാളിമാർ അന്നത്തെ ഗവൺമെന്റിനെതിരെ വെല്ലുവിളി നടത്തിക്കൊണ്ട് തൊഴിലാളികളെ പട്ടിണിക്കിട്ടപ്പോൾ രണ്ടര ലക്ഷം തൊഴിലാളികളുടെ ബാദ്ധ്യത ഏറ്റെടുത്തതിന്റെ ഫലമായിട്ടാണ്, രണ്ടര ലക്ഷം തൊഴിലാളി കുടുംബങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിച്ചതിന്റെ ഫലമായിട്ടാണ് അന്ന് നഷ്ടം വന്നത്. നിഷേധിക്കാൻ കഴിയുമോ? അദ്ദേഹവും ഞാനും അന്ന് ആർ.എസ്.പി.ക്കാരായിരുന്നു. അങ്ങനെ നയപരമായി നഷ്ടം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇപ്പോഴില്ല. അവർ വ്യവസായവകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ തൊഴിൽ ദിവസങ്ങൾ അൽപ്പം കുറഞ്ഞുപോയി എന്നതുകൊണ്ട് അന്നുണ്ടായിരുന്ന 55,000 തൊഴിലാളികൾക്ക് സൗജന്യമായി 100 രൂപ വീതം കൊടുത്തു. 70 കശുവണ്ടി ഫാക്ടറികളിൽ പണിയെടുത്തുകൊണ്ടിരുന്ന 55,000 തൊഴിലാളികൾക്ക് ആണ് കൊടുത്തത്. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് കൊടുത്തത്. പല പ്രാവശ്യം കശുവണ്ടി തൊഴിലാളികൾക്ക് റിലീഫ് കൊടുത്തിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾ ആണ്. 98 ശതമാനം സ്ത്രീ തൊഴിലാളികൾ, പട്ടിണിപ്പാവങ്ങളായ അമ്മമാർ പണിയെടുക്കുന്ന ഒരു വ്യവസായം. അവരെ സംരക്ഷിക്കാൻ വേണ്ടിയാണ് ഇത്തരം നടപടികൾ സ്വീകരിച്ചത്. ഈ പട്ടിണിപ്പാവങ്ങളെ സംരക്ഷിക്കുമ്പോൾ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഫാക്ടറികൾ അടച്ചിട്ടതിന്റെ ഫലമായിട്ട്, തൊഴിലാളികൾക്ക് നിയമപരമായി കിട്ടാവുന്ന അവകാശ ആനുകൂല്യങ്ങളെല്ലാം തന്നെ സ്വകാര്യമേഖലയിൽ കൊള്ളയടിക്കുകയാണ്. ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ, ശ്രീ. പ്രതാപവർമ്മ തമ്പാന്റെ മൂക്കിന് താഴെ തൊഴിലാളികളെ കൊള്ളയടിക്കുന്നു. അവിടെ സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളിൽ ഡി.എ.യും നിയമപരമായ അവകാശങ്ങളും കൊടുക്കുന്നില്ല. അതിനെതിരെ സമരം ചെയ്യാതെ ഇവിടെ ഒന്നര ദിവസം സെക്രട്ടേറിയറ്റ് പടിക്കൽ കിടന്നിട്ട് പൊടിയും തട്ടി എഴുന്നേറ്റ് പോകുകയല്ലേ ചെയ്തത്. ഇന്നിപ്പോൾ സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപരമായ അവകാശാനുകൂല്യങ്ങളില്ല. അവർക്ക് സൗകര്യമൊരുക്കിക്കൊടുക്കുന്നതാരാ ? കോർപ്പറേഷൻ അടച്ച് 28,000 തൊഴിലാളികളെ തെരുവിലേക്കെറിഞ്ഞു, കാപ്പക്സടച്ച് 4,500 തൊഴിലാളികളെ തെരുവിലേയ്ക്കെറിഞ്ഞു. ഇങ്ങനെയൊരു സ്ഥിതിവിശേഷം, ഈ കശുവണ്ടി വ്യവസായ രംഗത്ത് ഒരിക്കലും ഉണ്ടായിട്ടില്ല. കേരള നിയമസഭ പല പ്രാവശ്യം കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുള്ള രേഖകളുണ്ട്. പട്ടിണിപ്പാവങ്ങളായ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ, 18-ാം തീയതി ചർച്ച നടന്നു. 5 മന്ത്രിമാർ അതിൽ പങ്കെടുത്തു. പക്ഷേ, 5 മന്ത്രിമാർ പങ്കെടുത്ത കോൺഫറൻസായിട്ടും എന്ന് തുറക്കുമെന്ന് പറയണ്ടേ? സെപ്റ്റംബർ മാസം എട്ടാം തീയതി ഓണമാണ്. അമ്മമാരുടെ ആശ്രയം ഓണക്കാലത്തെ ബോണസാണ്. അതിന് മുമ്പ് കശുവണ്ടി ഫാക്ടറികൾ തുറക്കുമോയെന്ന് ആർക്കും അസന്നിഗ്ദ്ധമായി പറയാൻ കഴിയുന്നില്ല. ഇപ്പോൾ സമരം ആരംഭിച്ചിട്ട് 28 ദിവസമായി. അവിടെ കോർപ്പറേഷൻ ഹെഡ് ഓഫീസ് പടിക്കൽ മുൻ എം.പി. ചെങ്ങറ സുരേന്ദ്രൻ നിരാഹാരം കിടന്നിട്ട് പത്താം ദിവസമാണ് എഴുന്നേറ്റ് പോയത്. അതുപോലെ നിരവധിയാളുകൾ നിരാഹാര സമരം കിടന്നു. ആ സമരത്തിൽ കൊല്ലത്തുകൂടി മന്ത്രിമാർ പോയാൽ അവരെ തടയുമെന്നാണ് തൊഴിലാളികൾ പ്രഖ്യാപിച്ചത്. ഈ സമരത്തിനുശേഷം മന്ത്രിമാർ കൊല്ലത്തുകൂടി സൈര്യമായി നടക്കുന്നില്ല. അതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ എന്ന് തുറക്കുമെന്ന് അസന്നിഗ്ദ്ധമായി പറയണം. അതുപോലെതന്നെ മുതലാളിമാരുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പകൽക്കൊള്ള അവസാനിപ്പിക്കാൻ അവരുമായി കൂടിയാലോചന വയ്ക്കണം. ഈ ഗവൺമെന്റിന്റെ നയംമൂലം സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നാലു ഫാക്ടറികൾ തിരിച്ചുകൊടുക്കാൻ തീരുമാനിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കോർപ്പറേഷന്റെ കൈവശം 34 ഫാക്ടറികളുണ്ടായിരുന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നാലെണ്ണം മുതലാളിമാർക്ക് തിരിച്ചു കൊടുക്കാൻ തീരുമാനിച്ചു. കഴിഞ്ഞ പ്രാവശ്യം ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായി യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ കോർപ്പറേഷന്റെ കൈവശമുണ്ടായിരുന്നത് 70 എണ്ണം. യു.ഡി.എഫ്. ഭരണം അവസാനിച്ചപ്പോൾ 36 എണ്ണം തിരിച്ച് മുതലാളിമാർക്ക് കൊടുത്തു. ഇപ്പോൾ യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ 4 എണ്ണം തിരിച്ച് മുതലാളിമാർക്ക് കൊടുത്തു. ഇങ്ങനെ മുതലാളിമാർക്ക് കൊടുത്താൽ ഫാക്ടറികൾ നടക്കുമോ ? അവ തുറപ്പിക്കാനുള്ള ബാദ്ധ്യത ഈ മന്ത്രിമാർക്കില്ലേ ? അതിനുള്ള നടപടികൾ മന്ത്രിമാർ കൈക്കൊള്ളേണ്ടതല്ലേ ? വിട്ടുകൊടുത്ത ഫാക്ടറിയുടെ മുതലാളിമാർ, കോർപ്പറേഷന്റെ പ്രതിനിധികൾ, ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുടെ കോൺഫറൻസ് വ്യവസായത്തൊഴിൽകാര്യമന്ത്രിമാർ വിളിച്ചുകൂട്ടണം. ഈ വ്യവസായ മേഖലയിൽ ഇന്ന് നടക്കുന്ന വമ്പിച്ച നിയമനിഷേധം അവസാനിപ്പിക്കണം. അതിനാൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സർ, ഇവിടെ വിട്ടുകൊടുത്ത ഫാക്ടറികൾ സംബന്ധിച്ച്, ഏറ്റെടുത്ത മുതലാളിമാരും, ട്രേഡ് യൂണിയൻ നേതാക്കളും, ഗവൺമെന്റുംകൂടി ഒരു ചർച്ച നടത്താമെന്ന് അന്നത്തെ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ അസീസ് പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ നിഷേധിക്കുന്നില്ല. ഈ മേഖലയിലെ രാഷ്ട്രീയ പ്രാധാന്യം. തൊഴിലാളികളുടെ ദയനീയമായ അവസ്ഥ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ തർക്കിക്കുന്നില്ല. ഞാൻ പറഞ്ഞത് കോർപ്പറേഷന്റെ കാലഘട്ടത്ത് വന്ന ഭീമമായ നഷ്ടവും അതിന്റെ ഭീകരാവസ്ഥയും ആണ്. ഇതെല്ലാം കണക്കിലെടുത്ത് ഒരു ഡിസിഷനെടുത്താൽ അതനുസരിച്ച് പോകാൻ തയ്യാറാണ്. പ്രായോഗികമായി വേണ്ടത് മിനിമം ടൈമാണ്. തോട്ടണ്ടി ഇറക്കുമതി ചെയ്ത് കഴിഞ്ഞാൽ ഏറ്റവും earliest ഡേറ്റിന് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇതിന്റെ കൂടുതൽ ഡീറ്റെയിൽസ് നമുക്ക് ചർച്ച ചെയ്യാം. ചർച്ച എന്ന് വേണമെന്നുള്ളത് പ്രതിപക്ഷയൂണിയനുകളാവശ്യപ്പെട്ടാൽ അത് ചെയ്യാൻ ഗവൺമെന്റ് എപ്പോഴും തയ്യാറാണ്. ചർച്ചയിൽ വരുന്ന ധാരണയനുസരിച്ച് നമുക്ക് കാര്യങ്ങൾ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട വ്യവസായവകുപ്പ് മന്ത്രി ഇതിനെക്കുറിച്ചുള്ള കോടികളുടെ നഷ്ടത്തെക്കുറിച്ചു പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കറും അതിനെ പ്രതികരിച്ച് ദിവസം ഒരു കോടിയെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ചിറയിൻകീഴ് മണ്ഡലമടക്കമുള്ള സ്ഥലത്തെ കാപ്പെക്സിന്റെയും സ്വകാര്യ ഫാക്ടറികളിലെയും എല്ലാംതന്നെ തൊഴിലാളി അടക്കമുള്ള ആളുകളാണ് ഈ രണ്ടരലക്ഷം വരുന്ന തൊഴിലാളികൾ. ഇവരുടെ ന്യായമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന്റെ ക്രിയാത്മക പ്രശ്നമെന്നുപറയുന്നത് മർമ്മപ്രധാനമായ പ്രശ്നമെന്നു പറയുന്നത് കാപ്പെക്സും കോർപ്പറേഷനും ശരിയായ നിലയിൽ നടക്കാതെയിരിക്കുന്നു തൊഴിലില്ലാതെയിരിക്കുന്നു, അടച്ചുപൂട്ടിയിരിക്കുന്നു എന്നതാണ്. സ്വകാര്യ മുതലാളിമാർ നടത്തുന്ന ഈ കൊള്ള, ഈ രണ്ടര ലക്ഷം തൊഴിലാളികളെയും കൊള്ളയടിക്കുന്നതിനുള്ള അടിസ്ഥാനവസ്തുത എന്താണെന്ന് അങ്ങ് മനസ്സിലാക്കിക്കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു. തൊഴിൽവകുപ്പ് മന്ത്രിക്കാണെങ്കിൽ അക്കാര്യത്തിൽ സംശയമുണ്ടാകേണ്ട കാര്യമില്ല. അതുകൊണ്ട് കോർപ്പറേഷനിലെയും കാപ്പക്സിലെയും തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്നുള്ള നിലയിൽ ഇതിനെക്കാണരുത്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിലെ രണ്ടരലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ജീവിതത്തിനു സുരക്ഷിതത്വമുണ്ടാക്കികൊടുക്കുക എന്നു പറഞ്ഞാൽ ; അവർ ആഴ്ചതോറും വാങ്ങുന്ന കൂലി മാസംതോറും വാങ്ങുന്ന കൂലി ചെറുകച്ചവടക്കാരായ ആളുകളുടെ ; കൊല്ലത്തെയും പരിസര പ്രദേശത്തെയും സാമൂഹിക ജീവിതത്തിന് ഒരു ജീവൻ നൽകുക എന്നുള്ളതുകൂടിയാണ് ഈ പ്രശ്നത്തിൽ അടങ്ങിയിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയും മനസ്സിലാക്കണം. ഈ രണ്ട് കൊല്ലത്തിനകം ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി എന്നിവയുടെ ചാർജ് വർദ്ധനവിലൂടെയും മറ്റും കോടികൾ കൈവശം വന്നിട്ട് അതിൽനിന്ന് ഒരു 200 കോടി രൂപ ഈ പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, കോർപ്പറേഷൻ സ്ഥാപനങ്ങൾ എന്നിവയെ ഉദ്ധരിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ കൈയിൽ കൊടുക്കാൻ എന്താണ് ഈ ഗവൺമെന്റിന് കഴിയാതെവന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുപോലെതന്നെ കാർഷിക മേഖലയ്ക്കായി നാല് കാശ് ആ കൃഷിവകുപ്പു മന്ത്രിയുടെ കൈയിൽ കൊടുക്കണ്ടേ ; ചെലവാക്കാത്തതാണോയെന്നു എനിക്കറിയില്ല. ഈ കാശ് എല്ലാം എവിടെ പോയി. അതുകൊണ്ട് കുറെ കാശ് ആ വ്യവസായ. മന്ത്രിയുടെ കൈയിൽ ഏൽപ്പിച്ച്, തൊഴിലാളി പ്രതിനിധികളുമായുള്ള ചർച്ച നടക്കുമ്പോൾ വ്യക്തമായൊരു തീരുമാനം എടുക്കാൻ സഹായിക്കുന്ന തരത്തിൽ മന്ത്രിസഭ കൂടി വ്യവസായ മന്ത്രിക്ക് അൽപ്പം സഹായകമായ നിർദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വളരെ ജീവത്തായ പ്രശ്നമാണ്, കൊല്ലം ജില്ലയെ സാമ്പത്തികമായി ബാധിക്കുന്ന പ്രശ്നമാണ്. കൊല്ലം ജില്ലയെ മാത്രമല്ല തിരുവനന്തപുരം, ആലപ്പുഴ ജില്ലകളെ കൂടി ബാധിക്കുന്ന പ്രശ്നമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പ്രയാസങ്ങൾ എന്തായാലും ആ പ്രയാസങ്ങൾക്ക് മാത്രം ഊന്നൽ നൽകിക്കൊണ്ട് കേരളത്തിലെ പരമ്പരാഗത മേഖലയിൽ അർദ്ധപ്പട്ടിണിക്കാരും പട്ടിണിക്കാരുമായിട്ടുള്ള ലക്ഷോപലക്ഷം തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ശരിയല്ലായെന്നാണ് ഗവൺമെന്റിന്റെ നിലപാട്. അതുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെ പരമ്പരാഗത മേഖലയുടെ സമഗ്രമായ പുനരുദ്ധാരണത്തിനുവേണ്ടി 500 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കാൻ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അത് ഈ വർഷംതന്നെ തുടങ്ങാൻ ആഗ്രഹിക്കുകയാണ്. അതിന്റെ ഭാഗമായി 110 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കാനുള്ള നയപരമായ തീരുമാനം എടുത്തത്. ഇനിയുള്ളത് വിശദാംശങ്ങളാണ്. എത്രയും വേഗം തുറക്കുക എന്നുള്ളതാണ്. റിപ്പയർ വർക്ക് ആരംഭിച്ചിട്ടുണ്ട്. തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികളാണ് ഇനി ആരംഭിക്കേണ്ടത്. ഏതായാലും പരമാവധി വേഗതയിൽ, ഇനിയും നീട്ടിപ്പോകാതെ ഈ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. അതിനുവേണ്ടി സാമ്പത്തിക പിൻബലം ബാങ്ക് ഗ്യാരന്റിയുടെ കാര്യത്തിലായാലും മറ്റ് കാര്യത്തിലായാലും, നേരിട്ടുള്ള സഹായമായിട്ട് ഗവൺമെന്റ് നൽകും. കശുവണ്ടി പ്രശ്നം പരിഹരിക്കുന്നതോടൊപ്പം തന്നെ കയർ, കൈത്തറി, ഖാദി മേഖലകളിലെ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. ഇതോടൊപ്പംതന്നെ തോട്ടം മേഖലയിലെ പ്രതിസന്ധിയും രൂക്ഷമാണ്. കഴിഞ്ഞ ദിവസം ഞങ്ങൾ എല്ലാവരുംകൂടി പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗം കൂടിയിരുന്നു. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ചില നടപടികൾ യോഗത്തിൽ എടുത്തു. ഇനി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനുവേണ്ടി ഓരോ തോട്ടമുടമകളുമായി ലേബർ മന്ത്രി ചർച്ച ആരംഭിക്കാൻ പോവുകയാണ്. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് തൊഴിലാളികളെ പട്ടിണിയിൽ നിന്ന് രക്ഷിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ മുൻഗണനയാണ്. പരമ്പരാഗത മേഖലയിലെയും തോട്ടം മേഖലയിലേയും പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടി 'ജിം' പോലെയുള്ള പദ്ധതി നടപ്പിലാക്കി കൂടുതൽ വ്യവസായവത്ക്കരണം നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ ആധുനിക വ്യവസായം നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ പരമ്പരാഗത മേഖലയുടെയും തോട്ടം മേഖലയുടേയും പരിരക്ഷ, പുനഃസംഘടന, അവിടത്തെ തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുക എന്നത് ഗവൺമെന്റിന്റെ മുൻഗണനയിലുണ്ടാകും. അതിന്റെ ഓരോ ഘട്ടങ്ങളിലും പ്രതിപക്ഷ നേതാവ് അടക്കമുള്ള പ്രതിപക്ഷപാർട്ടികളുടെയും യൂണിയനുകളുടെയും സഹകരണം തീർച്ചയായിട്ടും ഗവൺമെന്റ് തേടുന്നതായിരിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് വിഭാഗീയമായ ഒരു നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ പ്രശ്നത്തിന്റെയും ഗൗരവം ഗവൺമെന്റ് ഉൾകൊണ്ടുകൊണ്ട് അടിയന്തിരമായി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

III ശ്രദ്ധക്ഷണിക്കൽ

(1) പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട് തിരിച്ചുവിടുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. രാജു എബ്രഹാം : സർ, പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ വൈപ്പാർനദികളുമായി ബന്ധിപ്പിക്കാനുള്ള തീരുമാനം ഏതാണ്ട് യാഥാർത്ഥ്യമായിട്ടുള്ള ഒരു ഘട്ടത്തിലാണ് ഞാൻ ഈ കാളിംഗ് അറ്റൻഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇതിന് മുമ്പ് ഇതുസംബന്ധിച്ച് രണ്ട് സബ്മിഷനുകളാണ് ശ്രീ. അടൂർ പ്രകാശ് അടക്കം ഈ സഭയിൽ ഉന്നയിച്ചിരുന്നത്. അന്നൊക്കെ പുലിവരുന്നേ പുലിവരുന്നേ എന്ന പറച്ചിലായിരുന്നു. പുലിവന്നു. ഇപ്പോൾ 68 കോടി രൂപ മുടക്കി അവിടെ ഹനുമാൻ തോടിനു കുറുകെ വലിയ ഒരു അണക്കെട്ട് നിർമ്മാണം പൂർത്തിയാക്കി എന്നു മാത്രമല്ല അടുത്ത കാലത്ത് പത്രലേഖകർ അവിടെ ചെന്നപ്പോൾ ഒരു തുള്ളി മഴ പെയ്യാത്ത ആ പ്രദേശത്തെ അണക്കെട്ടിൽ 80 അടി വെള്ളം നിറഞ്ഞിരിക്കുന്നു. തൂവൽമല കേരളത്തിന്റേതാണെങ്കിലും അവിടെ നമ്മുടെ വനം വകുപ്പിന്റെയോ വൈദ്യുതി ബോർഡിന്റെയോ ഉദ്യോഗസ്ഥന്മാരെ കയറ്റിവിടുന്നില്ല. ആദിവാസികളെ കയറ്റിവിടുന്നില്ല. അവിടെനിന്നും തുരങ്കംവഴി ഇവിടേയ്ക്ക് ജലം എത്തിക്കുന്നുവെന്നാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള വിവരം. നമ്മുടെ സംസ്ഥാനത്ത് ഈ രണ്ടു നദികൾ കേന്ദ്രമാക്കി ടിൻ കല്ലാർ പദ്ധതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ട് കേന്ദ്രഗവൺമെന്റ് അത് പരിഗണിച്ചില്ല. 10 സ്കയർ കിലോമീറ്റർ മാത്രം വനം നഷ്ടപ്പെടുമായിരുന്നത് വിട്ടിട്ട് ഇപ്പോൾ 4000 സ്കയർ കിലോമീറ്റർ ഉൾപ്പെടുന്ന ഈ അടവിനയനാർ കോവിലണക്കെട്ടുമായി ബന്ധപ്പെട്ട വൈദ്യുത പദ്ധതിക്ക് ഇപ്പോഴാണ് അനുമതി കൊടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ സ്ഥിതി എന്താണ് ? ഇപ്പോൾ ടാസ്ക്ഫോഴ്സിന്റെ ചെയർമാൻ ശ്രീ. സുരേഷ് പ്രഭു. അദ്ദേഹം നമുക്കിപ്പോൾ അന്ത്യശാസനം നൽകിയിരിക്കുകയാണ്. നമ്മുടെ കേസ് പാർലമെന്ററി സമിതിയുടെ മുമ്പാകെ അവതരിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നാഷണൽ വാട്ടർ ഏജൻസിക്ക് മുമ്പാകെ നമ്മുടെ കേസ് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ സി.ഡബ്ല്യു.ആർ.ഡി എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ പറഞ്ഞിരിക്കുന്നത് 2050 -ൽ കേരളത്തിൽ കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly